തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഇക

246 (1720) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര ഇക അനുവദിച്ചു;അതിൽ എത്ര ഇക ചെലവഴിച്ചു;വർഷം തിരിച്ച് വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

ഗ്രാമപഞ്ചായത്തംഗങ്ങളുടെ ഓണറേറിയം

247 (1721) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തംഗങ്ങൾ, വൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകുമോ ; മുൻ അംഗങ്ങൾക്കു പെൻഷൻ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. മുൻ അംഗങ്ങൾക്കുള്ള പെൻഷൻ ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

'ശുചിത്വ ഗ്രാമം' പദ്ധതി

248 (1722) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'ശുചിത്വ ഗ്രാമം' എന്ന പേരിൽ ഒരു പദ്ധതി ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായ 'ശുചിത്വ ഗ്രാമം' പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകളിൽ വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ

LIBRARY ARCHIVES Kerala Legislative Assembly